File No.FWLD-D2/304/2019-FWLD

## പതിനാലാം കേരളനിയമസഭ

### പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4488 — 13.11.2019 ന് മറുപടിയ്ക്ക്.

<u>തിരുവമ്പാടി നിയോജക മണ്ഡലത്തിൽ വന്യമൃഗശല്യം തടയുന്നതിനായി പദ്ധതികൾ</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ജോർജ് എം. തോമസ് : | | അഡ്വ. കെ.രാജു<br><br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തിരുവമ്പാടി നിയോജക മണ്ഡലത്തിൽ വന്യമൃഗശല്യം തടയുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയതെന്ന് വ്യക്തമാക്കുമോ ; | (എ)<br>&<br>(ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തിരുവമ്പാടി നിയോജക മണ്ഡലത്തിൽ മൊത്തം 16.8 കി.മീറ്റർ സോളാർ ഫെൻസിംഗ് സ്ഥാപിച്ചിട്ടുണ്ട്. (തുഷാരഗിരി, മൈലള്ളാംപാറ - നിലമ്പൂർ, വട്ടച്ചിറ - മരുതിലാവ്, കഷ്ടകാലം തോട് - പൂമതരത്തുംകൊല്ലി എന്നീ ഭാഗങ്ങളിലാണ് സോളാർ ഫെൻസിംഗ് സ്ഥാപിച്ചിട്ടുള്ളത്). ദിവസവേതനാടിസ്ഥാനത്തിൽ പ്രദേശവാസികളെ നിയോഗിച്ച് കൃഷിയിടങ്ങളിലിറങ്ങുന്ന കാട്ടാനകളെ കാട്ടിലേയ്ക്ക് തിരിച്ച് ഓടിക്കാറുണ്ട്. വന്യമൃഗങ്ങളുടെ ആക്രമണം മൂലം കൃഷി നാശം സംഭവിക്കുന്നവർക്ക് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് നഷ്ടപരിഹാരം നൽകി വരുന്നുണ്ട്. തിരുവമ്പാടി നിയോജകമണ്ഡലത്തിൽ ജനജാഗ്രത സമിതികൾ രൂപീകരിച്ചിട്ടുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം സംബന്ധിച്ച പരിഹാര മാർഗ്ഗങ്ങളും, ഉപാധികളും ജനപ്രതിനിധികളുടെ സഹകരണത്തോടെ ചർച്ച ചെയ്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ നടപ്പാക്കുന്നതിനുള്ള മാർഗ്ഗങ്ങൾ, ജനജാഗ്രതാ സമിതിയിൽ തീരുമാനിച്ച് നടപ്പിലാക്കുന്നതാണ്. വന്യമൃഗങ്ങൾ കൃഷിയിടങ്ങളിലേയ്ക്ക് ഇറങ്ങുന്നത് തടയാനുള്ള പ്രതിരോധ പ്രവർത്തനങ്ങൾ ഇവരുടെ സഹകരണത്തിലാണ് നടത്തി വരുന്നത്. |
| (ബി) | എന്തെല്ലാം അടിയന്തര നടപടികളാണ് നിലവിൽ കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ